# വായനയുടെ ദിശാസൂചി


മലയാളിയുടെ വായന കുറഞ്ഞു എന്ന പ്രസ്താവം സാമാന്യമായി ശരിയാകാനിടയുണ്ടോ? ഇന്ത്യയിൽ ഏറ്റവുമധികം പ്രചാരമുള്ള പ്രാദേശിക ഭാഷയിലെ ദിനപത്രവും വാരികയും (മലയാള മനോരമ) മലയാളത്തിലാണ്. മൂന്നുകോടി ആളുകളുടെ മാത്രം മാതൃഭാഷയായ മലയാളത്തിൽ പുറത്തിറങ്ങുന്ന ദിനപത്രങ്ങളുടെയും ആനുകാലികപ്രസിദ്ധീകരണങ്ങളുടെയും പുസ്തകങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ, പ്രചാരത്തിന്റെ വൈപുല്യം, അവയ്ക്കുവേണ്ടി ചെലവഴിക്കപ്പെടുന്ന സമയത്തിന്റെ കണക്ക് മുതലായവ നൽകുന്ന ചിത്രം ഇവിടെ വായന അങ്ങനെ കുറഞ്ഞിട്ടില്ല എന്നുതന്നെയാണ്.

അളവിൽ വന്ന മാറ്റത്തേക്കാൾ പ്രധാനം സ്വഭാവത്തിൽ വന്ന മാറ്റമാണ്. കേരളത്തിൽ വായനയുടെ പ്രകൃതം മാറിവരികയാണ്. രാഷ്ട്രീയം, മതം, സിനിമ, സ്പോർട്ട്സ്, സാമൂഹ്യപ്രശ്നങ്ങൾ മുതലായവയെപ്പറ്റി ഉപരിപ്ലവമായി എഴുതപ്പെട്ട ലേഖനങ്ങളും പുസ്തകങ്ങളും ആണ് അധികവും വായിക്കപ്പെടുന്നത്. അപൂർവമായി ഇക്കൂട്ടത്തിൽ പഠനങ്ങളും കണ്ടേയ്ക്കാം എന്നുമാത്രം. ഈ രംഗത്ത് നിന്ന് വഴിഒഴിഞ്ഞു പോവേണ്ടിവരുന്നത് സാഹിത്യത്തിനാണ്: ഉത്തമസാഹിത്യം എന്നു വിശേഷിപ്പിക്കപ്പെടുന്ന രചനകൾക്കും അവയുടെ പഠനങ്ങൾക്കും ഇന്നു കേരളത്തിൽ ആനുപാതികമായി കിട്ടുന്ന ശ്രദ്ധ കുറഞ്ഞുപോയിരിക്കുന്നു.



എം. ടി. വാസുദേവൻനായർ


നമ്മുടെ സാമൂഹ്യജീവിതം ശ്രദ്ധിച്ചാൽ വ്യക്തമാവും: സാഹിത്യകാരന് വിലയിടിയുകയാണ്. കെ. പി. സി. സി. പ്രസിഡണ്ടിന്റെ പ്രസംഗം റിപ്പോർട്ട് ചെയ്യുന്ന അതേ പ്രാധാന്യത്തോടെ സാഹിത്യപരിഷദധ്യക്ഷന്റെ പ്രസംഗം റിപ്പോർട്ട് ചെയ്യുന്ന ഒരു കാലം ദിനപത്രങ്ങൾക്കുണ്ടായിരുന്നു! സിനിമാനടനോ, സ്പോർട്ട്സ് താരത്തിനോ, രാഷ്ട്രീയനേതാവിനോ, ജില്ലാ കലക്ടർക്കോ, വ്യവസായിക്കോ, പുരോഹിതനോ കിട്ടുന്ന സ്ഥാനം നമ്മുടെ മാധ്യമങ്ങളിൽ സാഹിത്യകാരന് ഇന്നില്ല. മമ്മൂട്ടിക്കും പി. ടി. ഉഷയ്ക്കും കെ. കരുണാകരനും ശങ്കരാചാര്യർക്കും അമിതാഭ്കാന്തിനും കിട്ടുന്നതിലും എത്രയോ കുറഞ്ഞ മാധ്യമശ്രദ്ധ കിട്ടുന്നവരാണ് ഇവിടുത്തെ എഴുത്തുകാർ. പരദൂഷണനിഷ്ഠമായ വിവാദങ്ങളോ, അവാർഡോ ആണ്, അവർക്ക് അല്പമെങ്കിലും പ്രാധാന്യം നൽകുന്നത്. പുസ്തകചർച്ചകളും പുസ്തകപ്രകാശനങ്ങളും വാർത്തയാകണമെങ്കിൽ പത്രങ്ങൾക്ക് എന്തെങ്കിലും നിക്ഷിപ്ത താല്പര്യം വേണം എന്നായിരിക്കുന്നു.



സുഗതകുമാരി

സാമൂഹ്യരാഷ്ട്രീയപ്രശ്നങ്ങളിൽ ഇടപെടുന്നവരോ, മറ്റു രംഗങ്ങളിൽക്കൂടി പ്രവർത്തിക്കുന്നവരോ ആയ എഴുത്തുകാർക്ക് സാമൂഹ്യശ്രദ്ധ ലഭിക്കുന്നുണ്ട്: പ്രൊഫ. സുകുമാർ അഴീക്കോട്, എം. ടി. വാസുദേവൻനായർ, നിത്യചൈതന്യയതി, സുഗതകുമാരി തുടങ്ങിയ പേരുകൾ ഓർത്തുനോക്കുക. അത്രയും നന്നായി. ആനന്ദ് എന്ന നോവലിസ്റ്റിനെയും എം. പി. ശങ്കുണ്ണിനായർ എന്ന വിമർശകനെയും പോലുള്ള നിരവധി പേർക്ക് അർഹിക്കുന്ന പ്രാധാന്യം കേരളീയജീവിതത്തിൽ ഇന്ന് ഇല്ല എന്നും കൂടി ഓർക്കുക.

ഇതിനർഥം എഴുത്തുകാരന് എഴുത്തിന്റെ കണക്കിൽ മാത്രമായി നമ്മുടെ സമൂഹത്തിൽ ഇന്ന് ഉചിതമായ സ്ഥാനമില്ല എന്നാവാം. സാഹിത്യം ഇന്നൊരു വിഷയമല്ലാതായിരിക്കുന്നു.



നിത്യചൈതന്യയതി

ഇക്കാലത്ത് സാഹിത്യവിമർശനം തീരെ കുറഞ്ഞു കാണുന്നതിന് ഒരു കാരണം ഇതാണ് എന്ന് ഞാൻ വിചാരിക്കുന്നു. സാഹിത്യത്തിന് വിലയില്ലെങ്കിൽ പിന്നെ സാഹിത്യവിമർശനത്തിന് വില കാണുമോ? സാഹിത്യത്തിന്റെ താത്വികവശങ്ങളെക്കുറിച്ചുള്ള പഠനങ്ങളും മികച്ച സാഹിത്യകൃതികളെക്കുറിച്ചുള്ള വിമർശനലേഖനങ്ങളും ഇന്ന് അപൂർവമായിരിക്കുന്നു.

ഏതെങ്കിലും ഒരു കൃതിയെ പുകഴ്ത്തി ഒരു ലേഖനം എഴുതി നോക്കൂ—ഉടനെ ആളുകൾ ചോദിക്കും.


“ഗ്രന്ഥകാരൻ നിങ്ങളുടെ സുഹൃത്താണല്ലേ?”

ഏതെങ്കിലും ഒരു കൃതിയെ ഇകഴ്ത്തി എഴുതിനോക്കൂ—ഉടനെ ചോദ്യം വരും.

“അയാളോട്ട് നിങ്ങൾക്കെന്താണ് ദേഷ്യം?”

സാഹിത്യനിരൂപണം എന്നത് വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ പുലരുന്ന രംഗം മാത്രമാണ് എന്നൊരു ധാരണ പതുക്കെയാണെങ്കിലും വേരുപിടിച്ചുവരികയാണ്. ഓ, സാഹിത്യവും സാഹിത്യവിമർശനവും ഒക്കെ അത്രയേ ഉള്ളൂ എന്ന്!

പല പ്രമുഖ പ്രസിദ്ധീകരണങ്ങളിലും സാഹിത്യവിമർശനം ഇന്നൊരു സംഗതിയല്ലാതായിട്ടുണ്ട്. ചില പത്രാധിപന്മാർ ‘പുസ്തകനിരൂപണം’ എന്നത് ‘പുസ്തകപരിചയം’ ആക്കി കോലം മാറ്റിയിരിക്കുന്നു.



പ്രൊഫ. സുകുമാർ അഴീക്കോട്

ഗൗരവമായ സാഹിത്യചർച്ചകളും വിപുലമായ സാഹിത്യസമ്മേളനങ്ങളും കേരളീയാന്തരീക്ഷത്തിൽ നിന്ന് പിൻവാങ്ങിക്കഴിഞ്ഞു. അത്തരം പലതും സംഘടിപ്പിച്ചിരുന്ന സാഹിത്യപരിഷത്തും സാഹിത്യസമിതിയുമൊക്കെ ഇന്ന് ജീവനോടെ ഉണ്ടോ, ആവോ? പുരോഗമന കലാസാഹിത്യസംഘം, യുവകലാസാഹിതി തുടങ്ങിയ സംഘടനകൾക്കും സാഹിത്യ താല്പര്യത്തിന്റെ മാത്രം പേരിൽ അതൊന്നും ഇന്ന് വിജയകരമായി നടത്താനാവുന്നില്ല. പ്രൊഫ. സുകുമാർ അഴീക്കോട് പത്തിരുപതുകൊല്ലം മുമ്പ് ചെയ്തിരുന്ന തരം സാഹിത്യപ്രസംഗം ഇന്നു ചെയ്യുന്നുണ്ടോ?

സാഹിത്യം വിലകെടുന്നു എന്ന് സാഹിത്യത്തിലും വിമർശനത്തിലും പ്രവർത്തിക്കുന്നവർ തിരിച്ചറിയുന്നുണ്ട്—സിനിമ, ടി. വി., സാമൂഹ്യപ്രവർത്തനങ്ങൾ തുടങ്ങിയവയിലേക്ക് അവരുടെ ശ്രദ്ധ കൂടുതലായി തിരിയുന്നുണ്ട്. വെറുതെയല്ല, പ്രമുഖ വിമർശകന്മാരുടെ കൃതികൾ സാഹിത്യവിമർശനേതരരചനകളാകുന്നത്.

വായനയുടെ ഗൗരവം കാത്തുസൂക്ഷിക്കുന്നവരും സാഹിത്യത്തിന്റെയും വിമർശനത്തിന്റെയും പ്രസക്തി തിരിച്ചറിയുന്നവരുമായ ഒരു കൂട്ടം എഴുത്തുകാരും വായനക്കാരും ഈ നാട്ടിലുണ്ട് എന്ന് എനിക്കറിയാം. സമൂഹത്തിന്റെ പൊതുവെയുള്ള മനോഭാവത്തെയും അത് മാധ്യമങ്ങളിൽ പ്രതിഫലിക്കുന്ന രീതിയെയും കുറിച്ചാണ് ഞാൻ പറഞ്ഞുവരുന്നത്. ഇന്ന് കേരളത്തിൽ സാമാന്യമായി ‘സാഹിത്യം’ ഒരു വർത്തമാനമല്ലാതായിരിക്കുന്നു.

നമ്മുടെ വ്യാപകമായ വായനയുടെ ദിശാസൂചി തിരിഞ്ഞുനിൽക്കുന്നത് സാഹിത്യേതരമായ പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും ഫീച്ചറുകളുടെയും നേർക്കാണ്. വായനാപരിസരത്തിൽ ഒരുതരം മണ്ണൊലിപ്പ് സംഭവിച്ചിട്ടുണ്ട്. ‘ആലോചനാമൃതം’ ആകുന്നതൊന്നും താങ്ങാൻ പറ്റാത്തവിധം കേരളത്തിലെ സാമാന്യപാരായണം വഴിതിരിയുകയാണ്.

മാതൃഭൂമി വാരാന്തപ്പതിപ്പ്: 5 നവംബർ 1995.

□

